(സി) 35-ഓളം യൂണിറ്റുകൾ തുടങ്ങാൻ ഇവിടെ സൗകര്യമുണ്ട്. ഇപ്പോൾ 5 യൂണിറ്റുകൾ തുടങ്ങുന്നതിന് സംരംഭകർ ഇവിടെ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളുടെ വികസനം

19 (587) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി എന്നീ വ്യവസായങ്ങളുടെ വികസനത്തിനായി എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓരോ വ്യവസായത്തിനും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി വ്യവസായ മേഖലയുടെ വികസനത്തിനായി കശുവണ്ടി വികസന കോർപ്പറേഷന് 142.495 കോടി രൂപയും കാപെക്സിന് 39.16 കോടി രൂപയും ഉൾപ്പെടെ ആകെ 181.655 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കയർ വ്യവസായ മേഖലയുടെ വികസനത്തിനായി 12,326.03 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് പവർ ലൂമിനടക്കം കൈത്തറി മേഖലയ്ക്ക് 20115.46 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) ഓരോ വ്യവസായത്തിലും ഉണ്ടായിട്ടുള്ള പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

വ്യവസായ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ നടപടി

20 (589) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വ്യവസായ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) എത്രയും വേഗം സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കേരള ഇൻഡസ്ട്രീസ് സർവ്വീസിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. 17-2-2001-ലെ ജി.ഒ.(പി) 30-2001/ഇൻഡ്. പ്രകാരം, കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസിനും സ്പെഷ്യൽ റൂൾസ് നിലവിൽ വന്നു കഴിഞ്ഞു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly